രക്ഷിതാവും കർത്താവുമായി സ്വീകരിക്കുമ്പോൾ യേശുക്രിസ്തു കാൽവരി കുരിശിൽ കഷ്ടാനുഭവങ്ങൾ തികഞ്ഞവനായി ശാപശിക്ഷ ഏറ്റു മരിക്കുകയും അടക്കപ്പെടുകയും ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തതിന്റെ അനുഗ്രഹം ലഭിക്കുന്നു. പാപി ന്യായമായി ഏല്ക്കേണ്ടിയിരുന്ന രണ്ടാം മരണം എന്ന നിത്യനരകശിക്ഷ യേശുക്രിസ്തുവിൽ നീങ്ങിപ്പോകുന്നു. പാപമോചനവും നീതീകരണവും പ്രാപിച്ച് ദൈവപൈതൽ എന്ന വിശുദ്ധിയിലേക്ക് പ്രവേശിക്കുന്നു. ഇതാണ് ബൈബിൾ അനുശാസിക്കുന്ന സുവിശേഷം.

“യേശുക്രിസ്തുവിനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ ദൈവം അധികാരം നൽകിയിരിക്കുന്നു” എന്ന് ബൈബിൾ വെളിപ്പെടുത്തിയിരിക്കുന്നു.

തികച്ചും ലളിതമായ വ്യവസ്ഥയാണ് ഒരു പാപി ആത്മരക്ഷ പ്രാപിക്കുന്നതിന് ബൈബിൾ അനുശാസിക്കുന്നത്. പാപത്തെ ക്കുറിച്ച് അനുതപിച്ച് യേശുക്രിസ്തുവിനെ കർത്താവും രക്ഷി

താവുമായി സ്വീകരിക്കുക. “യേശുവിനെ കർത്താവ് എന്നു വായ്കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേല്പിച്ചു എന്നു ഹൃദയംകൊണ്ട് വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും.” ഇത് വിശ്വാസത്തിന്റെ മാർഗ്ഗമാണ്. സ്നേഹിതാ, രക്ഷ നിങ്ങളോട് അടുത്തിരിക്കുന്നു. തീരുമാനം എടുക്കുന്നതിനുള്ള ചുമതല നിങ്ങളുടേ

താണ്. യേശു നിങ്ങളെ പേർ ചൊല്ലി വിളിക്കുന്നു. ഹൃദയ കവാടം തുറന്ന് യേശുക്രിസ്തുവിനെ സ്വീകരിക്കുക. ദൈവസ്നേഹത്താൽ നിങ്ങളുടെ ഹൃദയം നിറഞ്ഞുകവിയട്ടെ. സന്തോഷവും സമാധാനവുംകൊണ്ട് നിങ്ങൾ അനുഗ്രഹിക്കപ്പെടട്ടെ. ഒരു ദൈവപൈതലായി ജീവിക്കാൻ ദൈവം നിങ്ങൾക്കു കൃപ നല്കട്ടെ.

വി.വി.പി.

SATHGAMAYA MEDIA FOUNDATION

# കാണാത്ത കാഴ്ചകൾ



സ്ലോവേനിയയിലെ അറിയപ്പെടുന്ന പൈലറ്റും പർവ്വതാരോഹകനുമായ മാത്തേവ്സ് ലെനാർസിക് തന്റെ കുഞ്ഞൻ വിമാനത്തിൽ ധ്രുവപ്രദക്ഷിണം നടത്തി തിരിച്ചെത്തിയപ്പോൾ പറഞ്ഞു: “ലോകം സത്യത്തിൽ നമ്മൾ കാണുന്ന കാഴ്ചകളല്ല, നമ്മൾ കാണാത്ത കാഴ്ചകളുടേതാണ്.”

കണ്ണിനു കാണുന്നതേ മനുഷ്യൻ കാണുന്നുള്ളൂ. പുറത്തറിയാതെ എത്രയോ കാരങ്ങൾ മറഞ്ഞുകിടക്കുന്നു. മനുഷ്യഹ്ൃദ യത്തിലൂടെ കടന്നുപോകുന്ന വിചാരധാരകൾ ആരറിയുന്നു. വെള്ളതേച്ച ശവക്കല്ലറകൾക്കു തുല്യമാണ് മനുഷ്യജീവിതം എന്ന പരാമർശം എത്രയോ ശരി. “ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയവിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായ്പ്പോഴും ദോഷമുള്ള തത്രെ എന്നും ദൈവം കണ്ടു.” ബൈബിളിലെ ഈ പ്രസ്താവന ഒരു കാര്യം വ്യക്തമാക്കുന്നു. നമ്മുടെ ഹൃദയചിന്തകൾ ദൈവത്തിന് മറഞ്ഞിരിക്കുന്നില്ല.

സെയിന്റ് പോൾ ആത്മഗതം പോലെ പറഞ്ഞ വാക്കുകൾ(ദ്ധാർഹമത്രെ. “ഞാൻ പ്രവർത്തിക്കുന്നത് ഞാൻ അറിയുന്നില്ല. ഞാൻ ഇച്ഛിക്കുന്നതിനെ അല്ല പകയ്ക്കുന്നതിനെയമത്രെ ചെയ്യുന്നത്. അതിനെ ചെയ്യുന്നത് ഞാനല്ല, എന്നിൽ വസികുകുന്ന പാപം അത്രെ. എന്നിൽ എന്നുവെച്ചാൽ എന്റെ ജഡത്തിൽ നന്മ വസിക്കുന്നില്ല എന്നു ഞാൻ അറിയുന്നു. നന്മ ചെയ്യുവാനുള്ള താൽപ്പര്യം എനിക്കുണ്ട്. _പ്രവർത്തിക്കുന്നതോ ഇല്ല. ഞാൻ ചെയ്യാൻ ഇച്ഛിക്കുന്ന നന്മ ചെയ്യുന്നില്ലല്ലോ. ഇച്ഛിക്കാത്ത തിന്മയത്രെ പ്രവർത്തിക്കുന്നത്. അയ്യോ ഞാൻ അരിഷ്ടമനുഷ്യൻ. ഈ മരണത്തിന് അധീനമായ ശരീരത്തിൽ നിന്ന് എന്നെ ആർ വിടുവിക്കും?”

ഇത് ഒരു വ്യക്തിയുടെ പ്രശ്നമല്ല. ലോകത്തിലെ എല്ലാ മനുഷ്യരുടെയും ആന്തരിക പ്രശ്നമത്രെ. മാന്യതയുടെ പൊയ്മുഖം അണിഞ്ഞാലുംം അകത്തെ മലീമസ ചിന്തകൾ മൂടി വയ്ക്കാനാവാതെ മനുഷ്യൻ വിഷമിക്കുന്നു.

മഹാനായ സോളമൻ പറയുന്നു: “പാപം ചെയ്യാതെ നന്മ മാത്രം ചെയ്യുന്ന ഒരു നീതിമാനും ഭൂമിയിൽ ഇല്ല.” സെയിന്റ് പോളിന്റെ വാക്കുകളും ഇതിനോട് യോജിക്കുന്നു; “നീതിമാൻ ആരുമില്ല. ഒരുത്തൻ പോലുമില്ല.”

മനുഷ്യൻ മനസ്സുകൊണ്ടും വാക്കുകൾകൊണ്ടും പ്രവൃത്തിദോഷംകൊണ്ടും ലക്ഷ്യംതെറ്റി ദൈവത്തോട് അകന്നിരികുടുന്നു.

വിടുതലിനുവേണ്ടി അറിഞ്ഞും അറിയാതെയും പലവിധ മാർഗ്ഗങ്ങളും അവലംബിക്കുന്ന മനുഷ്യൻ സത്യം ഏത് എന്ന് തിരിച്ചറിയാതെ

സന്തോഷവും സമാധാനവും നഷ്ടപ്പെട്ട് ഭീതി

യോടെ മരണത്തിലേക്ക് നീങ്ങുന്നു.

മദ്യവും മയക്കുമരുന്നും ദുർന്നടപ്പും വെറിക്കൂത്തുമായി ജീവിക്കുന്നവർ. വിവിധ മതങ്ങളുടെ കർമ്മാചാരങ്ങളുമായി മുന്നോട്ടു പോകുന്നവർ. സാമൂഹ്യ പരവർത്തനത്തിലൂടെ, രാഷ്ട്രീയ പ്രവർത്തനത്തിലൂടെ, കല, സ്പോർട്സ്, വ്യവസായിക-ഒയദ്യോഗിക രംഗങ്ങളിൽ മുഴുകി ജീവിക്കുന്നവർ. സാഹിത്യം, സംഗീതം, സിനിമ തുടങ്ങിയ മേഖലകളിൽ ഉയർച്ചതേടി ബദ്ധപ്പെടുന്നവർ, അധോലോക മാഫിയകൾ, ഗുണ്ടകൾ, കൊള്ളയും കൊലയും നടത്തുന്നവർ, വിവിധ തലങ്ങളിലെ ഭീകരന്മാർ, ഇവരൊക്കെ മനുഷ്യർ തന്നെ. ഇതിൽ എവിടെയോ ഞാനും നിങ്ങളും നില്ക്കുന്നു. ഏതു കൂട്ടത്തിലാണെങ്കിലും വിടുതലിന്റെ വഴി കണ്ടെത്തിയിട്ടില്ലെങ്കിൽ ഒരു വിശേഷവുമില്ല. അപകടത്തിലേക്കാണ് ഈ ജീവിതയാത്ര. കാരണം “ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും ദൈവം മനുഷ്യർക്കായി നിയമിച്ചിരിക്കുന്നു.” നിത്യനരകം ഒരു യാഥാർത്ഥ്യമാണെന്ന് ബൈബിൾ പറയുന്നു - “മാലാഖമാർ പുറപ്പെട്ട് നീതിമാന്മാരുടെ ഇടയിൽനിന്ന് പാപികളെ വേർതിരിച്ച് തീച്ചൂളയിൽ ഇട്ുകളയും. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും.”

ഭയാനകമായ നരകയാതനയിലേക്ക് തള്ളപ്പെടുമോ? വിടുതലില്ലാത്ത അപകടത്തിൽ പതിക്കുന്നതിനുമുമ്പ് വിശുദ്ധ ബൈബിൾ വെളിപ്പെടുത്തുന്ന വിടുതലിന്റെ മാർഗ്ഗം കണ്ടെത്തുക.

*അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടേണ മെന്ന് മനുഷ്യരോട് കല്പിക്കുന്നു.”

ദൈവം നിങ്ങളെ ഇപ്പോഴും സ്നേഹിക്കുന്നു. വിശുദ്ധ ബൈബിൾ പറയുന്നു: “തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് യേശുക്രിസ്തുവിനെ നല്കുവാൻ തക്കവണ്ണം ദൈവം ലോകത്തെ സ്നേഹിച്ചു.” “നാം പാപം സംബന്ധിച്ച് മരിച്ച് നീതിക്ക് ജീവിക്കേണ്ടതിനു യേശുക്രിസ്തു തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ട് ക്രൂശിന്മേൽ കയറി. അവന്റെ അടിപ്പിണരുകളാൽ നിങ്ങൾക്ക് സൗഖ്യം വന്നുമിരിക്കുന്നു.”

ഞാനും നിങ്ങളും അനുഭവിക്കേണ്ട ശിക്ഷ യേശുക്രിസ്തു ഏറ്റുവാങ്ങി എനിക്കും നിങ്ങൾക്കും വേണ്ടി ഒരു പ്രായശ്ചിത്ത യാഗമായി കാൽവരി കുരിശിൽ മരിച്ചു. പാപിയായ മനുഷ്യൻ

ഈ പാപ പരിഹാരബലി അംഗീകരിച്ച് യേശുക്രിസ്തുവിനെ